പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം.5989 | 04/07/2019-ൽ<br>മറുപടിയ്ക്ക് |

## പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകൾ

| ചോദ്യം<br>**ശ്രീ.പി.ടി.എ. റഹീം** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്യാതെ തന്നെ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകൾ അടച്ചുപൂട്ടിക്കഴിഞ്ഞാൽ ഇത്തരം കെട്ടിടത്തിൽ ഗ്രാമപഞ്ചായത്തിന് മറ്റ് സ്ഥാപനങ്ങൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുൻസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ സ്കൂളുകളുടെ മേൽനോട്ടവും നിയന്ത്രണവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് കൊടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്കൂളുകളുടെ ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിൽക്കുന്നതിനാൽ ടി സ്കൂളുകൾ അടച്ച് പൂട്ടിക്കഴിഞ്ഞാൽ അത് വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദം കൂടാതെ ഗ്രാമപഞ്ചായത്തിന്റെ മറ്റ് സ്ഥാപനങ്ങൾ നടത്തുന്നതിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. കൂടാതെ സ്കൂളുകൾ വിദ്യാഭ്യാസേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ പാടില്ലായെന്ന സർക്കാർ ഉത്തരവും നിലവിലുണ്ട്. |
| (ബി) ഇങ്ങനെ അടച്ചുപൂട്ടുന്ന സ്കൂളുകളുടെ ഫർണിച്ചറുകൾ, അടുക്കള സാധനങ്ങൾ തുടങ്ങിയവ സമാനമായ ആവശ്യമുള്ള സ്കൂളുകൾക്ക് നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) അടച്ച് പൂട്ടപ്പെടുന്ന സർക്കാർ സ്കൂളുകളുടെ ഫർണിച്ചറുകൾ അടുക്കള സാധനങ്ങൾ തുടങ്ങിയവ സമാന ആവശ്യമുള്ള സ്കൂളുകൾക്ക് നൽകുന്നതിൽ നിലവിൽ യാതൊരു തടസ്സവുമില്ല. |

Nanitha.P

**സെക്ഷൻ ഓഫീസർ**